ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന് 1,83,31,680 (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി മുപ്പത്തൊന്നായിരത്തി അറുനൂറ്റി എൺപത് രൂപ) രൂപയുടെ വാർഷിക ബാധ്യത കണക്കാക്കുന്നു.

(ബി) ഭരണവകുപ്പ് ഫയൽ നമ്പർ U.O(f) No.25043/H&L-B1/15/Fin, 796/S2/13/H& FWD. (E No.73112) നിലവിൽ ധനവകുപ്പ് പരിശോധിച്ച് വരികയാണ്.

നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.മാരുടെ പ്രൊമോഷൻ

119(2108) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.-മാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന വിവരം അറിയുമോ ;

(ബി) ജില്ലാ ഓഫീസർമാരില്ലാത്തത് കാരണം പല പ്രധാനകാര്യങ്ങളും തീരുമാനം എടുക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡി.ഡി-മാരുടെ പ്രൊമോഷൻ അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.-മാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷൻ അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

സേവന നികുതി

120(T2109) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച വരുമാനം എത്ര വീതമായിരുന്നു ;

(ബി) 2015 ജൂൺ 1 മുതൽ 14 ശതമാനമായി സേവന നികുതി വർദ്ധിപ്പിച്ചതുമൂലം തന്നാണ്ടിലെ പ്രസ്തുത ഇനത്തിലുള്ള വരുമാനം എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സേവന നികുതിയിനത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	സേവന നികുതി (തനി) (തുക കോടിയിൽ)
2010-11	512.72
2011-12	715.01
2012-13	998.92
2013-14	1216.82
2014-15*	1162.71

(*അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം)

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ 2015-20 കാലയളവിൽ സംസ്ഥാനങ്ങളുമായി വിഭജിക്കാവുന്ന സേവന നികുതി (തനി) യുടെ 2.526 ശതമാനം തുക സംസ്ഥാനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. സേവന നികുതി നിലവിലെ 12 ശതമാനത്തിൽനിന്നും 14 ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന സേവന നികുതി വിഹിതത്തിൽ നടപ്പുവർഷം ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

അധിക നികുതിയും നികുതിയിളവും

121(2110) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെയുള്ള ബജറ്റുകളിൽ ഏതെല്ലാം വസ്തുക്കൾക്കാണ് നികുതി കൂട്ടിയത് ; വിശദമാക്കുമോ ; ഓരോ വസ്തുക്കൾക്കും മുമ്പ് ഉണ്ടായിരുന്ന നികുതിയും കൂടുതൽ നിർദ്ദേശിക്കപ്പെട്ട നികുതിയും എത്ര ;

(ബി) ഇത്തരത്തിൽ 2015-16-ൽ നാളിതുവരെ എത്ര തുക അധിക നികുതിയായി പിരിഞ്ഞു കിട്ടി ;

LIBRARY ARCHIVES Kerala Legislative Assembly